പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1908 | 17.06.2013 ൽ മറുപടിക്ക്

## ലഹരി പദാർത്ഥങ്ങൾ കടത്തുന്നത് തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | അയൽ സംസ്ഥാനത്തു നിന്നും കഞ്ചാവ്, പാൻപരാഗ് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ എത്തുന്നത് തടയാൻ സംസ്ഥാന പോലീസ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; | (എ) | അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ കടന്നു പോകുന്ന സംസ്ഥാന, അന്യസംസ്ഥാന വാഹനങ്ങൾ, വാഹനങ്ങളിലെ ലഗേജ് ഉൾപ്പടെയുളള സാധനങ്ങൾ എന്നിവ കർശനമായ പരിശോധന നടത്തി വരുന്നു. കൂടാതെ സംശയകരമായ വ്യാപാര സ്ഥാപനങ്ങളിലും, ബസ് സ്റ്റാൻഡുകളിലും, റെയിൽവേ പോലീസിന്റെ സഹായത്തോടെ റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തുന്നുണ്ട്. ഇതിനു പുറമെ രഹസ്യാന്വേഷണ വിഭാഗത്തിന്റെയും, ജനമൈത്രീ പോലീസിന്റെയും സഹായത്തോടെ വിവര ശേഖരണം നടത്തി ജാഗ്രതാ നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | അതിർത്തി ചെക്ക് പോസ്റ്റുകളിൽ വാഹനപരിശോധന കർശനമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | അതിർത്തി ചെക്ക് പോസ്റ്റുകളിൽ വാഹനപരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യാഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും ആവശ്യമായ പോലീസ് ഉദ്യാഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താൽക്കാലിക ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചും വാഹന പരിശോധന കർശനമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്ത് നിരോധിച്ച ശേഷം ഇത്തരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ലഹരി പദാർത്ഥങ്ങൾ കടത്തുന്നത് തടയുന്നതിനുവേണ്ടി നിയമഭേദഗതിക്ക് ഉദ്ദേശിക്കുന്നുണ്ടോ; ഇവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിന് ശ്രമിക്കുമോ; | (സി) | 4255 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിലെ നിയമമനുസരിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് പരമാവധി ശിക്ഷ നൽകുന്നുണ്ട്. നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ